**ഭരണഭാഷ-മാതൃഭാഷ**

## എറണാകുളം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്
## (സി എ സന്തോഷ്)

വിഷയം : പൊതുവിദ്യാഭ്യാസം- എയ്ഡഡ് എറണാകുളം ജില്ലയിലെ- സംരക്ഷിത ജീവനക്കാരുടെ താൽക്കാലിക അധ്യാപക ബാങ്ക് – അന്തിമമാക്കി ഉത്തരവാകുന്നു.

സൂചന :
1. ജി.ഒ (പി) നം.29/2016/പൊ.വി., തീയതി 29/01/2016
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21/01/2017, 10/02/2017 തീയതികളിലെ എച്ച് (2)/35985/16/ഡി.പി.ഐ നം. കത്ത്
3. എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 20/02/2017 ലെ ബി5/3980/2016/ഡി.ഡി.ഇ. നം കത്ത്
4. ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരുടെ റിപ്പോർട്ടുകൾ

**ഉത്തരവ് നമ്പർ. ബി5/3980/2017, തീയതി 13/03/2017**

എറണാകുളം ജില്ലയിലെ സംരക്ഷിതാധ്യാപകരുടെ താൽക്കാലിക ലിസ്റ്റ് (അധ്യാപക ബാങ്ക്) പരാമർശം (3) പ്രകാരം പ്രസിദ്ധീകരിയ്ക്കുകയും ആയത് പരിശോധിച്ച് ഏതെങ്കിലും വിധത്തിലുള്ള തെറ്റുകളോ, കുറവുകളോ ഉണ്ടെങ്കിൽ അറിയിയ്ക്കുവാൻ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരോട് നിർദ്ദേശിയ്ക്കുകയുണ്ടായി. താൽക്കാലിക ലിസ്റ്റ് പരിശോധിച്ച് അപാകതകൾ പരിഹരിയ്ക്കുന്നതിനായി ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ നൽകിയ റിപ്പോർട്ടുകൾ പ്രകാരം ലിസ്റ്റിൽ ആവശ്യമായ തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. കൂടാതെ മട്ടാഞ്ചരി ഉപജില്ലയിൽ നിന്നും പൂട്ടിപ്പോയ കൊച്ചങ്ങാടി എ.എം.എ.എസ്.എൽ.പി.എസ് ലെ രണ്ട് എൽ.പി.എസ്.എ മാരെകൂടി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് മട്ടാഞ്ചരി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം ചുവടെ കൊടുത്തിരിക്കുന്ന രണ്ട് അധ്യാപരെകൂടി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ലിസ്സി ജോൺ എൽ.പി.എസ്.എ (സീരിയൽ നം.149)
2. ബൈജു തോമസ് എൽ.പി.എസ്.എ (സീരിയൽ നം.156)

ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ റിപ്പോർട്ടുചെയ്ത അപാതകൾ പരിഹരിച്ചുകൊണ്ടും വേണ്ട കൂടിചേർക്കലുകൾ നടത്തികൊണ്ടും സംരക്ഷിതാധ്യാപകരുടെ ലിസ്റ്റ് (അധ്യാപക ബാങ്ക്) അന്തിമാക്കി ഇതിനാൽ ഉത്തവാകുന്നു.

OF THE DEPUTY DIRECTOR (EDUCATION) ... KULAM
THRIKKAKARA CIVIL STATION COCHIN - 30

വിദ്യാഭ്യാസ ഉപഡയറക്ടർ
എറണാകുളം.

ഉള്ളടക്കം : അദ്ധ്യാപക ബാങ്ക്

സ്വീകർത്താവ്

1. എല്ലാ ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
   (ലിസ്റ്റിന്റെ പകർപ്പ് മുഴുവൻ സ്കൂൾ മാനേജർമാർക്കും, പ്രധാനാദ്ധ്യാപകർക്കും നൽകേണ്ടതും, നോട്ടീസ് ബോർഡിൽ പതിയ്ക്കേണ്ടതുമാണ്)
2. ജില്ലയിലെ എല്ലാ സ്കൂൾ മാനേജർമാർക്കും.
3. ജില്ലയിലെ എല്ലാ പ്രധാനാദ്ധ്യാപകർക്കും
4. ഐടി @സ്കൂൾ,എറണാകുളം(വിദ്യാഭ്യാസ ഉപഡയറക്ടറുടെ വെബ് സൈറ്റിലും, ബ്ലോഗിലും പ്രസിദ്ധീകരിക്കുന്നതിനായി)